<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3536**</u> <u>**14-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ശ്രവണ സഹായി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേൾവിശക്തി കുറഞ്ഞവർക്കോ, തീരെ ഇല്ലാത്തവർക്കോ സഹായം നൽകുന്നതിന് വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ശ്രവണ പദ്ധതി പ്രകാരം കേൾവിപരിമിതർക്ക് വേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ സൗജന്യമായി ശ്രവണ സഹായി വിതരണം ചെയ്തു വരുന്നു. 40 ശതമാനം ഭിന്നശേഷിത്വമുള്ളതും, റേഷൻ കാർഡിൽ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്കും ശ്രവണ സഹായി സൗജന്യമായി അനുവദിക്കുന്നു. അതിനായി ഗവണ്മെന്റ് ഇ.എൻ.ടി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ നിശ്ചിത അപേക്ഷാ ഫോറത്തിനൊപ്പം ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റേഷൻകാർഡിന്റെ 1, 2 പേജുകളുടെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ പ്രസ്തുത കോർപ്പറേഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറം WWW.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.<br><br>കേന്ദ്രസർക്കാരിന്റെ ADIP പദ്ധതി **(Assistance to Disabled persons for purchasing / fitting of aids / appliances)** മുഖേന അർഹരായ ശ്രവണ വൈകല്യമുള്ളവർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) മുഖേന ശ്രവണ സഹായി സൗജന്യമായി വിതരണം ചെയ്യുകയും ശ്രവണ പരിമിതിയുള്ള 6 വയസ്സ വരെയുള്ള കുട്ടികൾക്ക് വേണ്ടി ഏർളി ഇന്റർവെൻഷൻ പ്രോഗ്രാം (EIP) നടത്തിവരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കേൾവിശേഷി ഇല്ലാത്തവർക്ക് സഹായം നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ശ്രവണ സഹായിക്കായി വടകര താലൂക്കിലെ ശ്രീ. കാസിം അയനോളി, വേളം പി.ഒ. എന്നയാൾ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ? | (ബി) | ശ്രീ. കാസിം അയനോളിയുടെ അപേക്ഷ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ പരിശോധിക്കുകയും, ടി കോർപ്പറേഷനിൽ നിന്ന് ശ്രവണ സഹായി ലഭിക്കുന്നതിനായി സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃകയും മാനദണ്ഡങ്ങൾ പരാമർശിക്കുന്ന ലഘുലേഖയും ടിയാൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടിയാൾക്ക് ശ്രവണ സഹായി വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേൾവി ശേഷി ഇല്ലാത്തവർക്ക് സഹായം നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

I. **ശ്രുതിതരംഗം പദ്ധതി**

സംസ്ഥാനത്തെ 5 വയസ്സ് വരെ പ്രായമുള്ള ജന്മനാ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.
2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.
3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.
4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുളള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷൻ ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷൻ ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.
6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

ചുവടെപ്പറയുന്ന സർക്കാർ / പ്രൈവറ്റ് ആശുപത്രികൾ മുഖേനയാണ് ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തി നൽകുന്നത്.

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

4. കിംസ് ആശുപത്രി, തിരുവനന്തപുരം.

9. ഡോ. നൗഷാദ്സ് ഇ.എൻ.റ്റി ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം.

6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.

7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.

8. അസെന്റ് ഇ.എൻ.റ്റി ആശുപത്രി, പെരിന്തൽമണ്ണ.

9. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.

10. മിംമ്സ് ആശുപത്രി, കോഴിക്കോട്.

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് സർജറിയ്ക്കുശേഷം ആനുകൂല്യം ലഭ്യമാക്കുന്നതിനായി ചുവടെപ്പറയുന്ന രണ്ട് അനുബന്ധ പദ്ധതികൾ കൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

## II. ധ്വനി പദ്ധതി

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

1. ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.

2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.

3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനം ഉള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസർ വാങ്ങി നൽകുന്നതാണ്.

4. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

5. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച ശേഷം സംസാര ശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസർ നന്നായി സൂക്ഷിച്ചവരായിരിക്കണം.

6. ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ധർ കുട്ടികളെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡേഷനായി ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം.

7. ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

**III. <u>കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്.</u>**

സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ തീയതി 14.02.2020 പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്നതിനായി മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

1. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.

2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.

3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം

4. കേരളത്തിലുള്ളവരായിരിക്കണം

9. നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.

6. ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

7.വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവില്ലു ണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.

8. ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേടുകൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ തന്നെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

9. ഒരു തവണ മെയിന്റനൻസിന്റെ ആനുകൂല്യം ലഭിച്ചുകഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും മെയിന്റനൻസിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ